## ബിജെപി ശക്തമായി മത്സരിക്കുന്നിടത്ത് സിപിഎമ്മിനെ കാണുന്നില്ലെന്ന് മുഖ്യമന്ത്രി

യുഡിഎഫും ബിജെപിയും തമ്മിലാണു കേരളത്തിൽ മത്സരം നടക്കുന്നതെന്ന് താൻ കുട്ടനാട്ടിലെ തെരഞ്ഞെടുപ്പ് പ്രചാരണ യോഗ ത്തിൽ പ്രസംഗിച്ചതായി ചാനലുകൾ സംപ്രേഷണം ചെയ്ത വാർത്ത തികച്ചും അടിസ്ഥാനരഹിതമാണെന്നു മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി.

തുടർ ഭരണത്തിനു ശ്രമിക്കുന്ന കോൺഗ്രസ് ബിജെപിയുമായി ധാരണയുണ്ടാക്കുന്നുവെന്ന സിപിഎം ദേശീയ ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരിയുടെ പ്രസ്താവനയ്ക്കു കുട്ടനാട്ടിൽ മറുപടി പറയുകയായിരുന്നു താൻ. മഞ്ചേശ്വരത്തും കാസർകോട്ടും യുഡിഎഫ് ഒന്നാം സ്ഥാനത്ത് നിൽക്കുമ്പോൾ രണ്ടാം സ്ഥാനത്തു ബിജെപിയാണ്. ഇതാണു മറ്റു ചില മണ്ഡലങ്ങളിലും കാണുന്നത്. ബിജെപി ശക്തമായി മത്സരിക്കുന്നിടത്ത് സിപിഎമ്മിന്റെ മത്സരം കാണുന്നില്ല. ഇത്തരം സാഹചര്യങ്ങളിൽ കോൺഗ്രസും ബിജെപിയും തമ്മിൽ എങ്ങനെ ധാരണയുണ്ടാക്കും? സിപിഎമ്മും ബിജെപിയും തമ്മിൽ ധാരണയുണ്ടാക്കിയിട്ട് അത് മറച്ചുവയ്ക്കാനാണോ യെച്ചൂരി ശ്രമിക്കുന്നത് എന്നാണ് താൻ ചോദിച്ചതെന്ന് മുഖ്യമന്ത്രി വിശദീകരിച്ചു.

മഞ്ചേശ്വരത്തും കാസർകോട്ടും അതുപോലെ മറ്റു ചില മണ്ഡലങ്ങളിലും ഒന്നാം സ്ഥാനത്തുനിൽക്കുന്ന യുഡിഎഫിന് എങ്ങനെ വോട്ട് മറിക്കാനാകുമെന്ന് മുഖ്യമന്ത്രി ആരാഞ്ഞു. രണ്ടും മൂന്നും സ്ഥാനങ്ങളിൽ നിൽക്കുന്നവർ തമ്മിലേ വോട്ട് മറിക്കൽ സാധ്യമാകൂ. രണ്ടു കൂട്ടരുടേയും പ്രഖ്യാപിത ശത്രു കോൺഗ്രസാണ്. കോൺഗ്രസ് മുക്തഭാരതത്തിനുവേണ്ടി ഏതടവും പയറ്റുന്നവരാണ്

ബിജെപി. മതേതര കേരളത്തിൽ അക്കൗണ്ട് തുറക്കണമെന്നത് അവരുടെ ഏറ്റവും വലിയ ആഗ്രഹമാണ്. പ്രധാനമന്ത്രി ഉൾപ്പെടെയുള്ള ദേശീയ നേതാക്കൾ കേരളത്തിൽ വന്ന് വിഭജന രാഷ്ട്രീയം പറഞ്ഞ് എങ്ങനെയും അക്കൗണ്ട് തുറക്കാൻ ശ്രമിക്കുകയാണ്. അതേസമയം കേരളം കൂടി നഷ്ടപ്പെട്ടാൽ സിപിഎമ്മിന്റെ ഭാവി പരിതാപകരമാകും. ഇതാണ് ഇവർ രണ്ടുപേരും തമ്മിൽ ധാരണയുണ്ടാകാൻ കാരണമെന്നും താൻ അവിടെ പറഞ്ഞി രുന്നതായി മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.

ദേശീയ തലത്തിൽ ബിജെപിയെ എതിർക്കാനും തോൽപ്പിക്കാനും ശക്തിയുള്ള ഒരേയൊരു പാർട്ടി കോൺഗ്രസ് ആണെന്നു മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. കോൺഗ്രസും ബിജെപിയും തമ്മിൽ ധാരണയുണ്ടെന്നു പറഞ്ഞ് ന്യൂനപക്ഷങ്ങളുടെ വോട്ട് നേടാനാണ് സിപിഎം ശ്രമിക്കുന്നത്. അത് കേരളത്തിൽ വിലപ്പോകില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞു.

കുട്ടനാട്ടിലെ തെരഞ്ഞെടുപ്പ് പ്രസംഗത്തിൽ നിന്നു ഒരുഭാഗം മാത്രം അടർത്തിയെടുത്തു വിവാദമാക്കാനാണു ചിലർ ശ്രമിക്കുന്നത്. താൻ വിശദീകരിച്ചത് എന്താണെന്ന് മനസിലാക്കാതെയാണ് വിവാദം ഉണ്ടാക്കാൻ ശ്രമിക്കുന്നതെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി.